(ഡി) നിലവിൽ താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

ഡി. റ്റി. പി. ഓപ്പറേറ്റർ	..	1
ഡ്രൈവർ	..	1
ക്ലാർക്ക്	..	10 (ഒരാൾ ശൂന്യവേതനാവധിയിലാണ്).
ടൈപ്പിസ്റ്റ്	..	1
ആകെ	..	13

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസിന്റെ പ്രവർത്തനം

405 [2469] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത്;

(ബി) ഇതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(സി) ഈ സ്ഥാപനത്തിന്റെ റൂൾസ് ആന്റ് റഗുലേഷൻസ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഏതെല്ലാം ഇനങ്ങളിൽ; എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ സ്ഥാപനത്തിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും നിയമനങ്ങൾ എപ്രകാരമാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനം മുഖേന ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇതിലേക്കായി എന്തുതുക ചെലവഴിച്ചു;

(ജി) ഇതിനായി പരിശീലകരായും നിരീക്ഷകരായും ആരെയെല്ലാം എവിടെനിന്നെല്ലാം ക്ഷണിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-8-2003-ലെ സ. ഉ. (എംഎസ്.) 3/03/പി. എ. ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ടി ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നു.

(ബി) 29-8-2003-ൽ നിലവിൽ വന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ഒരു സ്ഥാപനമാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഉണ്ടായിരിക്കും. ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിക്കായിരിക്കും ദൈനംദിന കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം. പ്രിൻസിപ്പൽ സെക്രട്ടറി പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറലും, രജിസ്ട്രാർ ടി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും ഡെപ്യൂട്ടി രജിസ്ട്രാർ പി. എ. (എ) വകുപ്പിലെ സെക്ഷൻ ഓഫീസറും ആയിരിക്കും. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ഒരു പബ്ലിക് റിലേഷൻസ് ഓഫീസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പബ്ലിക് റിലേഷൻസ് ഓഫീസറായി സേവനമനുഷ്ടിക്കുന്നതാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഒരു എൽ. ഡി. കമ്പെയിലറുടെ സേവനം ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. സി ഡിറ്റ് ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ടിന് കമ്പ്യൂട്ടർ സംബന്ധിച്ചുള്ള സേവനം ലഭ്യമാക്കുന്നതാണ്.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബൈലോ തയ്യാറാക്കിവരുന്നു.

(ഡി) ഈ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2004-05-ൽ 1,00,00,000 (ഒരു കോടി) രൂപ വകയിരുത്തിയിട്ടുണ്ട്. 2003-2004-ൽ 69,26,856 രൂപയും (അറുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ്റി അൻപത്തിയാറ്). 2004-2005-ലെ 6,15,564 രൂപയും ഉൾപ്പെടെ (ആറുലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപ) മൊത്തം 75,42,420 രൂപ (എഴുപത്തി അഞ്ച് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നാന്നൂറ്റി ഇരുപത്) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറൽ പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും ജോയിന്റ് സെക്രട്ടറി രജിസ്ട്രാറും പി. എ. വകുപ്പിലെ സെക്ഷൻ ഓഫീസർ ഡെപ്യൂട്ടി രജിസ്ട്രാറുമായി പ്രവർത്തിക്കുന്നതാണ്. കൂടാതെ പബ്ലിക് റിലേഷൻസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു പബ്ലിക് റിലേഷൻസ് ഓഫീസറുടെ സേവനവും ലഭ്യമാക്കാൻ പബ്ലിക് റിലേഷൻസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ഒരു എൽ. ഡി. കമ്പെയിലറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(എഫ് ആന്റ് ജി) ഇല്ല. എന്നാൽ 27-3-2004-ൽ സംസ്ഥാന തലത്തിൽ ഒരു മോഡൽ പാർലമെന്റ് സംഘടിപ്പിക്കുകയുണ്ടായി. 9-7-2004-ൽ ബഡ്ജറ്റ് അനാലിസിസിനെക്കുറിച്ചുള്ള ഒരു സെമിനാറും നടത്തിയിട്ടുണ്ട്. സംസ്ഥാനതല മോഡൽ പാർലമെന്റ് മൽസരങ്ങൾക്ക് പ്രൊഫ. നബീസാ ഉമ്മാൾ, ശ്രീ. പരമേശ്വരൻ നായർ, ശ്രീ. ബാബു ജോസഫ് എന്നിവർ ജഡ്ജസ് ആയിരുന്നു. നിരീക്ഷകരായി വിവിധ കോളേജുകളിലുള്ള വിദ്യാർത്ഥികളെ ക്ഷണിച്ചിരുന്നു.

പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

406 [2470] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ആർ. ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly